# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1609 — 12/06/2019-ൽ മറുപടിയ്ക്ക്

## ലൈഫ് മിഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ലൈഫ് മിഷൻ പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ്; അതിന്റെ പുരോഗതി വെളിപ്പെടുത്തുമോ; | എ) | ലൈഫ് മിഷൻ രണ്ടാംഘട്ടമായി ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണമാണ് നടപ്പിലാക്കി വരുന്നത്.<br>ഗ്രാമസഭ അംഗീകരിച്ച 184255 ഗുണഭോക്താക്കളിൽ നാളിതുവരെ 87573 പേരെ അർഹരായി കണ്ടെത്തുകയും ഇതിൽ 86192 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ട് വീട്ടുപണി ആരംഭിച്ചിട്ടുണ്ട്. 17036 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇത് കൂടാതെ PMAY (നഗരം) - ലൈഫ് പദ്ധതിയിൽ 18,733 വീടുകളും, PMAY (ഗ്രാമീൺ) - ലൈഫ് പദ്ധതിയിൽ 15,754 വീടുകളും പൂർത്തീകരിച്ചു. |
| ബി) | പദ്ധതിവഴി ഓരോ ജില്ലയിലും എത്രപേർക്ക് ഭൂമിയും വീടും നൽകിയെന്ന് അറിയിക്കാമോ; | ബി) | പദ്ധതി വഴി ആർക്കും ഭൂമി നൽകിയിട്ടില്ല. വീടുകൾ നൽകിയതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| സി) | പദ്ധതിയുടെ ഭാഗമായി അപ്പാർട്ട്മെന്റുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് അപ്പാർട്ട്മെന്റ് കോംപ്ലക്സുകൾ നിർമ്മിച്ചു നൽകിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | സി) | ഉണ്ട്. ലൈഫ് മിഷൻ പദ്ധതിയിൽ ഭൂരഹിത ഭവന രഹിതരായിട്ടുള്ള ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയം വഴി ഫ്ളാറ്റുകൾ നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലേക്കായി 14 ജില്ലകളിലായി കണ്ടെത്തിയിട്ടുള്ള 70-ഓളം സ്ഥലങ്ങളുടെ അനുയോജ്യതാ പരിശോധന നടന്നുവരികയാണ്. ഇതിൽ ജില്ലയിൽ ഒന്നു വീതം ഭവന സമുച്ചയം പൈലറ്റായി നിർമ്മിക്കുന്നതിനുള്ള നടപടിയും പുരോഗതിയിലാണ്. കൂടാതെ പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ ഒരു അപ്പാർട്ട്മെന്റ് |

| | | | |
|---|---|---|---|
| | | | കോംപ്ലക്സ് (217 അപ്പാർട്ട്മെന്റ്) ഭവനം ഫൗണ്ടേഷനിൽ നിന്നും വാങ്ങി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. |
| ഡി) | പദ്ധതി പ്രകാരം മലപ്പുറം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നഗരസഭയിലും എത്രപേർക്ക് വീടും സ്ഥലവും നൽകി എന്ന് വെളിപ്പെടുത്തുമോ? | ഡി) | സ്ഥലം നൽകിയിട്ടില്ല. വീട് നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| തദ്ദേശ സ്വയംഭരണ സ്ഥാപനം | യോഗ്യരായ ഗുണഭോക്താക്കൾ | കരാർ ഒപ്പ് വച്ച ഗുണഭോക്താക്കൾ | പൂർത്തിയായത് |
|---|---|---|---|
| മലപ്പുറം മുനിസിപ്പാലിറ്റി | 1607 | 1432 | 297 |
| മൊറയൂർ | 39 | 39 | 21 |
| പൂക്കോട്ടൂർ | 27 | 25 | 22 |
| ആനക്കയം | 37 | 37 | 37 |
| പുൽപ്പറ്റ | 45 | 45 | 23 |
| കൊട്ടൂർ | 35 | 33 | 32 |
| **ആകെ** | **1790** | **1611** | **432** |

സെക്ഷൻ ഓഫീസർ

അനുബന്ധം 1 - രണ്ടാംഘട്ടം

| ക്രമ നമ്പർ | ജില്ല | കരാർ പൂർത്തിയായി നിർമ്മാണം തുടങ്ങിയവ |
|---|---|---|
| 1 | തിരുവനന്തപുരം | 13694 |
| 2 | കൊല്ലം | 7877 |
| 3 | പത്തനംതിട്ട | 1821 |
| 4 | ആലപ്പുഴ | 8733 |
| 5 | കോട്ടയം | 3787 |
| 6 | ഇടുക്കി | 9945 |
| 7 | എറണാകുളം | 5046 |
| 8 | തൃശ്ശൂർ | 4534 |
| 9 | പാലക്കാട് | 11545 |
| 10 | മലപ്പുറം | 5516 |
| 11 | കോഴിക്കോട് | 4621 |
| 12 | വയനാട് | 3743 |
| 13 | കണ്ണൂർ | 2066 |
| 14 | കാസർകോഡ് | 3264 |
| | **ആകെ** | **86192** |

സെക്ഷൻ ഓഫീസർ